File No.LSGD-EPA1/117/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീ.മഹേഷ്.എ യുടെ അന്യത്രസേവനകാലം 31.10.2020 വരെ ദീർഘിപ്പിച്ച ഉത്തരവു പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1658/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- 1 സർക്കുലർ നം.42/13/ഫിൻ തീയതി 10/03/2013.

2 സ.ഉ(പി)നം.580/2013/ധന, തീയതി 28.11.2013.

3 സ.ഉ(സാധാ)നം 1806/2014/തസ്വഭവ തീയതി 14.07.2014.

4 സ.ഉ(സാധാ)നം 3111/2015/തസ്വഭവ തീയതി 13.10.2015.

5 സ.ഉ(സാധാ)നം 2747/2016/തസ്വഭവ തീയതി 27/09/2016.

6 സ.ഉ(സാധാ)നം 3916/2017/തസ്വഭവ തീയതി 05.12.2017.

7 സ.ഉ(സാധാ)നം 295/2019/തസ്വഭവ തീയതി 12.02.2019.

8 സ.ഉ(സാധാ)നം 2643/2019/തസ്വഭവ തീയതി 23.11.2019

9 ശ്രീ.മഹേഷ്.എ യുടെ 20.05.2020ലെ അപേക്ഷ.

10 പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20.05.2020ലെ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക്, കേരള സംസ്ഥാന ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീ.മഹേഷ്.എ യ്ക്ക് അന്യത്രസേവനകാലവ്യവസ്ഥയിലുള്ള നിയമനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർശം (9) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (10) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചു. ശ്രീ.മഹേഷ്.എ യ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർ ശം (4),(5),(6),(7),(8) എന്നീ ഉത്തരവുകൾ പ്രകാരം അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. ശ്രീ.മഹേഷ്.എ യുടെ അന്യത്ര സേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 18.07.2020 ൽ അവസാനിച്ചു. ടിയാന്റെ അന്യത്ര സേവന കാല വ്യവസ്ഥയിലുള്ള നിയമനം 5 വർഷം

അധികരിച്ചിരിക്കുകയാണ്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീ.മഹേഷ്.എ യുടെ അന്യത്രസേവനകാലവ്യവസ്ഥയിൽ കെ എസ് ആർ ഭാഗം 1 , ചട്ടം 140(സി) , പരാമർശം (2) സർക്കാർ ഉത്തരവ് എന്നിവയിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് 19.07.2020 മുതൽ 31.10.2020 വരെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡൻറ്/സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്, പാലക്കാട്.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്. തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

# File No.LSGD-EPA1/117/2020-LSGD

ശ്രീ.മഹേഷ്.എ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-1 (സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത് മുഖേന).

ധന വകുപ്പിന്(27.08.2019 ലെ Dev-1/187/2017-FIN കുറിപ്പ് പ്രകാരം).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ1/117/2020/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ